(സി) പ്രസ്തുത റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത്, കാലതാമസം കൂടാതെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ അടിയന്തരമായി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനതല നിരീക്ഷണ സമിതിയുടെ അനുമതി ലഭിച്ചാലുടൻ ആയത് പരിശോധിച്ച് പ്രസ്തുത റോഡിന്റെ നവീകരണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**ചാലക്കുടി നഗരസഭ ജംഗ്ഷനിലെ അടിപ്പാത**

40(650) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ ചാലക്കുടി നഗരസഭ ജംഗ്ഷന് സമീപത്തായി ആരംഭിച്ച അടിപ്പാതയുടെ നിർമ്മാണ പ്രവർത്തനത്തിലെ പുരോഗതിയില്ലായ്മയും കാലതാമസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിപ്പാതയുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി സത്വര നടപടി സ്വീകരിക്കുമോ?

റോഡ് വികസനത്തിന്റെ ഭാഗമായി change of scope-ൽ ഉൾപ്പെടുത്തിയാണ് ചാലക്കുടി അണ്ടർപാസ് നിർമ്മിക്കുന്നത്. അണ്ടർപാസിന്റെ നിർമ്മാണ പുരോഗതി നിരന്തരമായി നിരീക്ഷിക്കുന്നുണ്ട്. കൺസഷണർക്ക് പദ്ധതി ത്വരിതപ്പെടുത്തുന്നതിനായി കൂടുതൽ യന്ത്ര സാമഗ്രികളും നിർമ്മാണസാധനങ്ങളും തൊഴിലാളികളെയും ഉപയോഗിക്കാൻ വേണ്ടുന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

**എറവ്-വാടാനപ്പള്ളി റോഡ് നവീകരണം**

41(651) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-വാടാനപ്പള്ളി റോഡിൽ എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള ഭാഗം നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണ്?

തൃശ്ശൂർ-വാടാനപ്പള്ളി റോഡിൽ എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള ഭാഗം നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക 250 ലക്ഷം രൂപ ആണ്.

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ബി.എം. പാച്ച് വർക്ക് പൂർത്തീകരിച്ചു. ബി.സി. വർക്കും അതിനോടനുബന്ധിച്ചുള്ള സീബ്രാ ലൈൻ, ബോർഡ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും ബാക്കിയുണ്ട്.

(സി) ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

മഴക്കാലം മാറിയാൽ പ്രവൃത്തി പൂർത്തീകരിക്കാനാകും.

**ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് നവീകരണം**

42(652) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയെയും ചങ്ങനാശ്ശേരിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന എ.സി. റോഡിന്റെ നവീകരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിനെ സെമി എലിവേറ്റഡ് ഹൈവേയാക്കി ഉയർത്തുന്നതരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എം.സി. റോഡിനെയും എൻ.എച്ച്.-നെയും ബന്ധിപ്പിക്കുന്ന എം.സി. റോഡിന്റെ ഇരുവശത്തും ഫുട്പാത്ത് ഉൾപ്പെടുന്ന റോഡിൽ ഒരു വശത്ത് യൂട്ടിലിറ്റി ഡക്ടോടുകൂടി ഓടയും മറുവശത്ത് ഓടയും ഉൾപ്പെടുന്നു. 3 പുതിയ വലിയ പാലങ്ങൾ (കിടങ്ങറ, നെടുമുടി, പള്ളാത്തുരുത്തി) നിലവിലുള്ള പാലങ്ങളോട് അനുബന്ധമായും 13 ചെറു പാലങ്ങളുടെയും (കോണ്ടൂർ, പാറയ്ക്കൽ, കിടങ്ങറ ഈസ്റ്റ്, കിടങ്ങറ ബസാർ, മാന്യഴക്കരി, രാമങ്കരി, പള്ളിക്കുട്ടുമ്മ, മങ്കൊമ്പ്, മാധവശ്ശേരി, പാറശ്ശേരി, പൊങ്ങ, പണ്ടാരക്കുളം, കളർകോട്) 67 കലുങ്കുകളുടെയും പുനർനിർമ്മാണം, 5 ഫ്ലൈഓവറുകൾ, 9 കോസ് വേ, ജംഗ്ഷൻ നവീകരണം, ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾ, മുട്ടാർ പാലത്തിന്റെ പുനർനിർമ്മാണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

(ബി) പ്രസ്തുത റോഡിന്റെ പരിഷ്കരണമുണ്ടാക്കുന്ന ഗുണങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തി നവീകരണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

&

(സി) മേപ്പടി റോഡിന്റെ നവീകരണം സംബന്ധിച്ച് ഒട്ടനവധി വ്യാജ പ്രചരണങ്ങൾ നടക്കുന്ന സാഹചര്യത്തിൽ ജനങ്ങളെ വിശ്വാസത്തിലെടുത്ത് ദ്രുതഗതിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട വ്യാജപ്രചരണങ്ങൾ അവസാനിപ്പിച്ച് പ്രവൃത്തി നടപ്പാക്കുന്നതിനായി സ്ഥലം എം.എൽ.എ.-മാർ, പഞ്ചായത്ത് പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് റോഡ് നവീകരണത്തിലൂടെയുണ്ടാകുന്ന ഗുണങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly